**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2748** **06-10-2025 - ൽ മറുപടിയ്ക്ക്**

**ലൈൻമാൻ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇലക്ട്രിസിറ്റി ബോർഡിന്റെ ഓഫീസുകളിൽ ആവശ്യത്തിന് ലൈൻമാൻമാർ ഇല്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വിതരണ മേഖലയില ചില സ്ഥലങ്ങളിൽ ലൈൻമാൻമാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിരുന്നു.<br>നിലവിലെ ലൈൻമാൻമാരുടെ അംഗീകൃത അംഗബലമനുസരിച്ച് കുറവുണ്ടെങ്കിലും കെ.എസ്.ഇ.ബി ലിമിറ്റഡിൽ പുനഃസംഘടനാ നടപടികൾ പുരോഗമിച്ചു വരുന്നതിനാൽ ആയവ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ലൈൻമാൻ തസ്തികയിലെ എണ്ണവും ഒഴിവുകളും കൃത്യമായി തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. |
| (ബി) | ലൈൻമാൻമാരെ പുതുതായി നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | കെ.എസ്.ഇ.ബി ലിമിറ്റഡിൽ ലൈൻമാൻ തസ്തികയിൽ നേരിട്ട് നിയമനമില്ല. എന്നാൽ ഇലക്ട്രിസിറ്റി വർക്കർ തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം നൽകിയാണ് ലൈൻമാൻ തസ്തികയിലെ ഒഴിവുകൾ നികത്തുന്നത്. |
| (സി) | ലൈൻമാൻമാരുടെ അഭാവംമൂലം വൈദ്യുതി തകരാറുകൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാൻ കഴിയാത്തതു കാരണം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ എന്ത് മാർഗമാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | പ്രകൃതിക്ഷോഭം ഉൾപ്പെടെയുള്ള സമയത്തു ഉപഭോക്താക്കൾക്ക് സമയബന്ധിത സേവനം ലഭ്യമാക്കുന്നതിനായി പ്രവൃത്തികൾ കോൺട്രാക്ട് വ്യവസ്ഥയിൽ നൽകിക്കൊണ്ടും പ്രദേശത്തെ വിതരണ സംവിധാനത്തെക്കുറിച്ച് ധാരണയുള്ള വിരമിച്ച ജീവനക്കാരെ നിയോഗിച്ചുകൊണ്ടും ഉപഭോക്താക്കൾക്ക് സേവനം ഉറപ്പു വരുത്തുന്നു. |
| (ഡി) | കെ. എസ്. ഇ. ബി. യിൽ ലൈൻമാൻ തസ്തികയിൽ എന്നാണ് അവസാനമായി നിയമനം നടന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ഡി) | കെ.എസ്.ഇ.ബി ലിമിറ്റഡിൽ ലൈൻമാൻ തസ്തികയിൽ നേരിട്ടുള്ള നിയമനമില്ല. 30.05.2025-ൽ ഇലക്ട്രിസിറ്റി വർക്കർ വിഭാഗത്തിൽ നിന്നും സ്ഥാനക്കയറ്റം നൽകി ഒഴിവുകൾ നികത്തിയിട്ടുണ്ട്. |
| (ഇ) | സംസ്ഥാനത്ത് കെ. എസ്. ഇ. ബി. യുടെ കീഴിൽ എത്ര ലൈൻമാൻമാർ ജോലി നോക്കി വരുന്നു; ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ? | (ഇ) | കെ.എസ്.ഇ.ബി ലിമിറ്റഡിൽ ലൈൻമാൻമാരുടെ ജില്ല തിരിച്ചുള്ള എണ്ണം **അനുബന്ധമായി** ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## കെ.എസ്.ഇ.ബി ലിമിറ്റഡിൽ ലൈൻമാൻമാരുടെ എണ്ണം ജില്ല തിരിച്ച്

| | |
|---|---|
| തിരുവനന്തപുരം | 893 |
| കൊല്ലം | 612 |
| പത്തനംതിട്ട | 355 |
| ആലപ്പുഴ | 529 |
| കോട്ടയം | 552 |
| ഇടുക്കി | 350 |
| എറണാകുളം | 956 |
| തൃശ്ശൂർ | 771 |
| പാലക്കാട് | 704 |
| മലപ്പുറം | 844 |
| കോഴിക്കോട് | 728 |
| വയനാട് | 198 |
| കണ്ണൂർ | 639 |
| കാസർഗോഡ് | 305 |

സെക്ഷൻ ഓഫീസർ